ഇറയം റിസർച്ച് ജേർണൽ

September - December 2021 Volume V Issue 3

# പാഠപുസ്തകത്തിലെ ആണധീശത്വം

**വിജിഷ. കെ**

പത്തൊമ്പതാം നൂറ്റാണ്ടിൽ കടന്നു വന്ന വിത്യസ്ഥ മിഷനറി സംഘങ്ങളുടെ പ്രവർത്തന ഫലമായാണ് കേരളത്തിൽ ആധുനിക വിദ്യാഭ്യാസം ആരംഭിക്കുന്നത്. അവർ ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുകയും പ്രചരണം നടത്തുകയും ചെയ്തു. മിഷനറികൾ നേരിട്ടിരുന്ന വെല്ലുവിളികളിൽ ഒന്ന് മലയാള പാഠപുസ്തകങ്ങളുടെ അപര്യാപ്തതയായിരുന്നു. പല മിഷനറികളും തങ്ങളുടെ മതതത്വങ്ങൾക്ക പ്രാധാന്യം നൽകികൊണ്ടുള്ള മലയാള പുസ്തകങ്ങൾ തയ്യാറാക്കി ഉപയോഗിച്ചു. സർക്കാർ പള്ളിക്കൂടങ്ങൾ ആരംഭിച്ചപ്പോഴും പാഠപുസ്തകങ്ങളുടെ ഇല്ലായ്മ അനുഭവപ്പെട്ടു. 1818 ൽ റാണി പാർവ്വതിഭായിയുടെ ഭരണകാലത്താണ് മലയാള ഭാഷയിൽ ആദ്യമായി ഒരു പാഠപുസ്തകമുണ്ടാകുന്നത്. അക്കാലത്ത് തിരുവിതാംകൂറിൽ മലയാളം അച്ചടി ഇല്ലാത്തതിനാൽ കൈയെഴുത്തുപ്രതികളാണ് സ്കൂളിൽ വിതരണം ചെയ്തിരുന്നത്. തിരുവിതാംകൂറിലെ ആദ്യത്തെ ടെക്സ്റ്റ്ബുക്ക കമ്മറ്റി ഉണ്ടാകുന്നത് 1867 ൽ ആയില്യംതിരുനാളിന്റെ കാലത്താണ്. മതനിരപേക്ഷമായ ഒരു ഏകീകൃത പാഠ്യപദ്ധതി ആരംഭിക്കുന്നത് ഇതോടുകൂടിയാണ്. കേരളവർമ്മവലിയകോയിതമ്പുരാൻ ബുക്ക കമ്മറ്റി പ്രസിഡന്റാകുകയും ഒന്നാം പാഠം, രണ്ടാം പാഠം, മൂന്നാം പാഠം എന്നീ പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും വിദ്യാലയങ്ങളിൽ ഒരേ മലയാള പാഠപുസ്തകങ്ങൾ പഠനവിധേയമായി. വിദ്യാഭ്യാസത്തിന്റെ ചുമതല സർക്കാർ ഏറ്റെടുത്തതോടെ ഒരു ഏകീകൃത പാഠ്യപദ്ധതി സാധ്യമായി തുടങ്ങി.

**സമൂഹവും പാഠപുസ്തകങ്ങളും**

"വിദ്യാലയത്തിലും വിദ്യാലയത്തിനുപുറത്തുമുള്ള സന്ദർഭങ്ങളിൽ വിദ്യാർത്ഥികളിൽ പ്രതീക്ഷിത ഫലങ്ങൾ സൃഷ്ടിക്കാനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ആകെതുകയാണ് പാഠ്യപദ്ധതി. " (Saylor,Galen & Alexander,William M – Curriculam Planning,1954)

പാഠ്യപദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത് പാഠപുസ്തകങ്ങളിലൂടെയാണ്. മൂല്യവത്തായി സമൂഹം കരുതുന്ന വിജ്ഞാനത്തെയാണ് പ്രധാനമായും ഇത് മുന്നോട്ടുവെക്കുന്നത്. പാഠപുസ്തകങ്ങളെ സമൂഹം കണ്ടിരുന്നത് സത്യം,നന്മ,മാതൃക എന്നിവയുടെ വക്താവായാണ്. പാഠ്യപദ്ധതി രൂപീകരിക്കുന്നതിൽ സമൂഹത്തിന്റെ പൊതുതാൽപര്യങ്ങൾ പ്രവർത്തിക്കുന്നതുപോലെതന്നെ സമൂഹത്തിന്റെ പൊതുബോധത്തെ നിർണ്ണയിക്കുന്നതിൽ പാഠപുസ്തകങ്ങളും വലിയൊരു പങ്കുവഹിക്കുന്നു. പാഠപുസ്തകങ്ങളിലും ഒരുതരത്തിൽ കാനോനീകരണം നടക്കുന്നുണ്ട്. അതിൽ എന്തൊക്കെ ഉൾപ്പെടുത്തി എന്നതും എന്തെല്ലാം തിരസ്കരിച്ചു എന്നതും പാഠപുസ്തകത്തിന്റെ രാഷ്ട്രീയത്തെ വെളിപ്പെടുത്തുന്നു. കേരളത്തിന്റെ സാമൂഹിക – രാഷ്ട്രീയ മണ്ഡലത്തിൽ വലിയ മാറ്റങ്ങൾ നടന്നിട്ടുള്ള 1930 - 1950 കാലഘട്ടങ്ങളിൽ തിരുവിതാംകൂർ ഗവൺമെന്റ് പുറത്തിറക്കിയ ചില മലയാള പാഠപുസ്തകങ്ങളിൽ ആണധികാരം പ്രത്യയശാസ്ത്രപരമായി എപ്രകാരം പ്രവർത്തിക്കുന്നു എന്നതാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

കേരളത്തെ സംബന്ധിച്ചിടത്തോളം 1930 – 1950 കാലഘട്ടം എന്നത് പലവിധ സാമൂഹിക പരിണാമത്തിന്റെയും കാലമാണ്. ഫ്യൂഡൽ/കൊളോണിയൽ കാലത്തു നിന്ന് വിട്ടുതൽനേടി നവോത്ഥാന – ദേശീയ സമരത്തിൽ നിന്ന് ജനാധിപത്യ സമൂഹത്തിലേക്കുള്ള നടത്തമായിരുന്നത്. കേരളീയ സ്ത്രീയെ സംബന്ധിച്ചിടത്തോളം ആദ്യകാല സ്ത്രീ ജീവിത പരിസരത്തിൽ നിന്ന് വലിയ മാറ്റങ്ങളുടെ കാലമായിരുന്നു. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയുമിടയിൽ വലയുന്ന സ്ത്രീയിൽ നിന്നും വിദ്യാസമ്പന്നയും സാമൂഹിക – രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപ്പെടുകയും ചെയ്യുന്ന സ്ത്രീയായി മാറി തുടങ്ങി. ഫ്യൂഡൽ സ്ത്രീ പുരുഷ സങ്കൽപ്പത്തിൽ നിന്ന് മാറി ആധുനിക സ്ത്രീ പുരുഷ സങ്കൽപം ഉയർന്നു വന്നു. ആണധീശത്വ പരിണാമത്തിന്റെ കാലഘട്ടം കൂടിയായി ഈ കാലത്തെ കാണാം. ഈ പരിണാമം സ്ത്രീയുടെ സാമൂഹിക ജീവിത പരിസരത്തിന് പുതിയ സാധ്യതകളും പരിമിതികളും ഉണ്ടാക്കിയിട്ടുണ്ട്.

**ആണത്തവും പാഠപുസ്തകവും**

ആധുനിക വിദ്യാഭ്യാസത്തിന്റെ ഭാഗമായാണ് സ്ത്രീ വിദ്യാഭ്യാസം ഇവിടെ വളർന്നു വന്നത്. സ്ത്രീ വിദ്യാഭ്യാസത്തെ ഉയർത്തികാട്ടുമ്പോഴും സ്ത്രീകളുടെ പഠനവിഷയം എന്താകണമെന്നതു ചർച്ചാവിഷയമാകുന്നു. ആധുനിക ജനാധിപത്യ സമൂഹത്തിലേക്കുള്ള മാറ്റത്തിന്റെ ഭാഗമായാണ് ഒരു പൊതു പാഠ്യപദ്ധതി എന്ന ആശയം കടന്നു വരുന്നത്. ഫ്യൂഡൽ കാലഘട്ടത്തിലെ സ്ത്രീ പുരുഷ ബന്ധത്തിൽ നിന്നുള്ള വലിയ മാറ്റത്തെയാണ് ഇത് കാണിക്കുന്നത്. ഇത്തരത്തിൽ പല സാമൂഹിക മാറ്റങ്ങളും ഉണ്ടായെങ്കിലും അത് പുരുഷാധികാരത്തെ ഇല്ലാതാക്കിയില്ല. പാഠപുസ്തകങ്ങൾ അവലോകനം ചെയ്യുമ്പോഴും ആണധീശത്വം നിലനിൽക്കുന്നതായും ആണധികാരത്തിന് ചില മാറ്റങ്ങൾ വന്നുചേർന്നതായും കാണാൻ കഴിയും. ആൺ - പെൺ ബന്ധത്തെ പുനസ്ഥാപിക്കുകയും, പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നതിലൂടെ ആണധികാരം നിരന്തര പ്രക്രിയയായി തീരുന്നു. പാഠപുസ്തകത്തിലെ ആണധീശത്വത്തെ പല ഘടകങ്ങളിലൂടെ കണ്ടെടുക്കുവാൻ സാധിക്കും. രചയിതാക്കൾ,വിഷയം തുടങ്ങി സാമാന്യനോട്ടത്തിലൂടെതന്നെ ആദ്യകാല പാഠപുസ്തകത്തിൽ നിന്ന് ഇത് തിരിച്ചറിയാം. പാഠഭാഗത്തിൽ അവതരിപ്പിക്കപ്പെട്ട സ്ത്രീ-പുരുഷ ശരീരം, വൈകാരികത, ഭാഷ, കുടുംബം എന്നീ ഘടകങ്ങളിലൂടെ ആണധികാരത്തെ വായിച്ചെടുക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

**1. ശരീരം**

പുരുഷൻ/സ്ത്രീ എന്ന ജീവശാസ്ത്രപരമായ യാഥാർത്ഥ്യത്തിനേക്കാൾ ശക്തമായ രീതിയിലാണ് പ്രത്യയശാസ്ത്രപരമായി ഈ വേർതിരിവ് സമൂഹത്തിൽ പ്രവർത്തിക്കുന്നത്. ശാരീരികവും പ്രത്യുൽപാദനപരവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിലാണ് ആൺ/പെൺ എന്ന സാമൂഹ്യവിഭജനം നടക്കുന്നത്. ഈ സാമൂഹ്യവീക്ഷണം സാമൂഹ്യമായി നിർമ്മിക്കപ്പെട്ട മറ്റ് വിത്യാസങ്ങളെ ഉറപ്പിക്കുകയും പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നു. അതായത് ഇതൊരു ചാക്രിക പ്രവർത്തനമായി തുടരുകയും സമൂഹത്തിൽ പുരുഷന് സ്ത്രീക്കുമേലുള്ള ആധിപത്യപരമായ ബന്ധം നിലനിർത്തുകയും ചെയ്യുന്നു.

ആൺ/പെൺ ദ്വന്ദ്വങ്ങൾ പാഠപുസ്തകങ്ങളിലും ശക്തമായി പ്രവർത്തിക്കുന്നുണ്ട്. 1939 ലെ ഒമ്പതാംപാഠപുസ്തകത്തിൽ ആദ്യത്തെ കവിത ഉള്ളൂരിന്റെ 'ക്ഷേത്രപ്രവേശന വിളംബരം' ആണ്. ക്ഷേത്രപ്രവേശന നിയമം എന്ന തീരുമാനം എടുക്കുമ്പോൾ രാജാവ് തെല്ലും പതറിയില്ല,ഒരു ശങ്കയും

ഉണ്ടായില്ല,ശരീരം വിയർത്തില്ല,വലം കൈ വിറച്ചില്ല എന്നിങ്ങനെയുള്ള ശാരീരിക-മാനസിക നില രാജാവിന്റെ ആണത്തത്തെ പ്രതിനിധീകരിക്കുന്നു. അതേസമയം ക്ഷേത്രപ്രവേശന വിളംബരം ഹിന്ദുമതഭഗവതിയ്ക്കു നെറ്റിയിൽ തിലകക്കുറിയായെന്നും, മിഴിയ്ക്കു അഴക് നൽകുന്ന അഞ്ജനമായെന്നും,കഴുത്തിന് ഭംഗി നൽകുന്ന നീലരത്നപ്പതക്കമായെന്നും പറയുന്നു. ഇത് സ്ത്രൈണതയെ ഉറപ്പിച്ചെടുക്കുന്നു. സ്ത്രീ അണിഞ്ഞൊരുങ്ങി നടക്കേണ്ടവളാണ്, നിരന്തരം മറ്റുള്ളവരുടെ നോട്ടത്തിന് വിധേയമാകുന്ന ശരീരമാണ് സ്ത്രീയുടേത് എന്ന ബോധം ഇതുണ്ടാക്കുന്നു. സ്ത്രീയെ വസ്തുവൽക്കരിക്കുകയാണ് ഇവിടെ. 'ദമയന്തിയും അരയന്നവും' എന്ന കവിതയിലും സ്ത്രീ ശരീരചേഷ്ടകൾ സ്ത്രൈണവൽക്കരിച്ചുറപ്പിക്കുന്നതു കാണാം. ഇവിടെ സ്ത്രീകളുടെ അരയന്നനടത്തത്തെ പറയുമ്പോൾ 'ധർമ്മരാജാവ് ' എന്ന പാഠഭാഗത്തിൽ പുരുഷസിംഹം എന്നാണ് രാജാവിനെ വാഴ്ത്തുന്നത്. അരയന്നനടത്തം പതുക്കെയും കുണുങ്ങിയുമുള്ളതാകുമ്പോൾ സിംഹം ശൗര്യത്തെയും അധികാരത്തെയും കാണിക്കുന്നു.

ശാകുന്തളം അരങ്ങേറ്റം എന്ന പാഠഭാഗത്തും സ്ത്രൈണതയുടെ സ്ഥിരാങ്കങ്ങളെ കാണിക്കുന്ന ചില ഘടകങ്ങളെ കണ്ടെടുക്കാൻ സാധിക്കും. മഹാകവിയ്ക്കു കൊടുക്കുവാനുള്ള സമ്മാനങ്ങൾ പിടിച്ചു നിൽക്കുന്ന പരിചാരിക, 'മനോമോഹനമായ വേഷത്തിൽ ലഘുഭക്ഷണ പദാർത്ഥങ്ങളുംകൊണ്ട് അങ്ങോട്ടുമിങ്ങോട്ടു നടക്കുന്ന പരിചാരികാംഗനമാരുടെ ലളിതഭാവവിലാസങ്ങൾ'. ഇവിടെ സ്ത്രീ ശരീരം വസ്തുവൽക്കരിക്കപ്പെടുകയാണ്. സ്ത്രീ ശരീരം മറ്റുള്ളവരാൽശ്രദ്ധിക്കപ്പെടേണ്ടവയാണ് എന്നും അതിനാൽ അവൾ മോഹിപ്പിക്കുന്ന വേഷങ്ങളവിധാനങ്ങളാൽ നടക്കണമെന്നും സൂചിപ്പിക്കുന്നു. ലളിതഭാവവിലാസങ്ങൾ സ്ത്രൈണതയുടെ ഭാവങ്ങളായി പറയുമ്പോൾ ഉന്നതമായ ഫാലപ്രദേശവും ഉന്മേഷവത്തുക്കളായ നയനങ്ങളും ഉള്ള ഗംഭീര പുരുഷനാണ് അമരസിംഹൻ എന്നും പറയുന്നു. സ്ത്രൈണതയെയും പൗരുഷത്തെയും വേർത്തിരിച്ച് കാണിച്ചുകൊണ്ട് സ്ത്രീ/പുരുഷ ദ്വന്ദ്വത്തെ ഉറപ്പിക്കുകയാണ് ഇവിടെ. 'ശിവാജിയും ഒരു പടയാളിയും' ( മൂന്നാം പാഠപുസ്തകം,1948) എന്ന പാഠഭാഗത്തിൽ വീര്യവും പൗരുഷവും തികഞ്ഞ യോദ്ധാവിനെയാണ് രാജാവിന് ആവശ്യം. ഇതെല്ലാം പുരുഷന്റെ ശാരീരിക പ്രകൃതി,ശാരീരിക ചേഷ്ടകൾ എന്തായിരിക്കണം എന്ന് ഉറപ്പിച്ചെടുക്കുന്നു. ഇവ പൗരുഷത്തിന്റെ അടയാളങ്ങളായി മാറുന്നു. ഇതിന് എതിരായി വരുന്ന ശാരീരിക ചേഷ്ടകളെ സ്ത്രൈണതയുടെ അടയാളങ്ങളായി പാർശ്വവൽക്കരിക്കുകയും, ആണത്തത്തിന് മേൽക്കോയ്മ നിർമ്മിച്ചെടുക്കുകയും ചെയ്യുന്നു.

സ്ത്രീ ശരീരത്തെ ലൈംഗിക വസ്തുവായിമാത്രം കണ്ടിരുന്ന ഫ്യൂഡൽ കാലഘട്ടത്തിൽ നിന്ന് മാറി സ്ത്രീയെ ദേവിയായും ഭാരതാംബയായുമെല്ലാം ചിത്രീകരിക്കുന്നതിവിടെ കാണാം. ഫ്യൂഡൽ കാലഘട്ടത്തിൽ നിന്ന് സ്ത്രീക്കുണ്ടായ സാമൂഹിക മാറ്റത്തെക്കൂടിയാണിത് സൂചിപ്പിക്കുന്നത്. സ്ത്രീ ശരീരത്തിന് പവിത്രമായമാനം നൽകി സ്ത്രീയെ കീഴ്പ്പെട്ടവളാക്കി നിർത്തുന്ന പുരുഷാധിപത്യത്തിന്റെ മറ്റൊരു മുഖമാണിത്. ആൺ/പെൺ ദ്വന്ദ്വത്തിലൂടെ പൗരുഷം/പെണ്മ ദ്വന്ദ്വത്തെയാണ് പാഠപുസ്തകം സ്ഥാപിക്കുന്നത്. കേവലം ജീവശാസ്ത്രപരമായ ഒന്നായി മാത്രമല്ല ശരീരത്തെ കാണുന്നത്. സ്ത്രീ/പുരുഷൻ എന്ന ജൈവികവ്യത്യാസത്തെ അടിത്തറയാക്കി പെണ്മ/ആണത്തം എന്ന സാമൂഹികാവസ്ഥയെ നിർമ്മിച്ചെടുക്കുകയാണ്. ഇതൊരു സാമൂഹിക നിർമ്മിതിയാണെന്ന് തിരിച്ചറിയാനാവാത്തവിധം നമ്മുടെ അബോധത്തിലേക്ക് കൊണ്ടുവരുന്നതിൽ പാഠപുസ്തകങ്ങളും ഒരു പങ്കുവഹിക്കുന്നുണ്ട്.

**2. വൈകാരികത**

വ്യക്തിയുടെ വൈകാരിക മണ്ഡലവും സാമൂഹ്യക്രമങ്ങൾക്കു പുറത്തല്ല. വ്യക്തികൾ തമ്മിലുള്ള എല്ലാ വിനിമയങ്ങൾക്കിടയിലും സാമൂഹ്യഘടന നിലനിൽക്കുന്നുണ്ട്. ക്ഷമ, സഹനം, സൗമ്യം, ത്യാഗം എന്നിവയൊക്കെ സ്ത്രീയുടെ വൈകാരികതലമായി പ്രതിഷ്ഠിക്കുമ്പോൾ, ശൗര്യം,ശക്തി,യുക്തി എന്നിവയൊക്കെ പൗരുഷത്തിന്റെ ലക്ഷണമായി മാറുന്നു. ഇത് പുരുഷനെ അധികാരിയും സ്ത്രീയെ കീഴ്പ്പെട്ടവളുമായി മാറ്റിതീർക്കുന്നു. ഇതൊരു സാമൂഹ്യക്രമമായിതന്നെ തുടരുന്നു. സ്ത്രീയുടെയും പുരുഷന്റെയും വൈകാരിക മണ്ഡലം രൂപീകരിക്കപ്പെടുന്നത് ഇതിനുള്ളിൽവെച്ചാണ്. അധികാരിയായ പുരുഷന്മാർക്ക് കീഴ്പ്പെട്ടവരായി സ്ത്രീകളെ കാണുകയും അവരിൽ അധമമായ വികാരത്തെ ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു. ഇത് സ്ത്രീകളിൽ സ്വന്തം ശരീരത്തെ അധമമായും തങ്ങൾ അബലകളാണെന്നുമുള്ള അബോധം ജനിപ്പിക്കുന്നു. ഇതാണ് ലജ്ജ, സൗമ്യത, സഹനം, ഉത്കണ്ഠ എന്നീ വികാരങ്ങളുടെയൊക്കെ അടിസ്ഥാന കാരണം. പെരുമാറ്റ രീതികളെല്ലാം ഇതനുസരിച്ച് നിയന്ത്രിക്കപ്പെടുന്നു. പാഠപുസ്തകങ്ങളും സ്ത്രീ-പുരുഷന്മാരുടെ ഈ പെരുമാറ്റ രീതികളെയെല്ലാം പുനസ്ഥാപിക്കുന്നതിലും പുനരുല്പാദിപ്പിക്കുന്നതിലും വലിയൊരു പങ്കു വഹിക്കുന്നുണ്ട്.

പാഠപുസ്തകങ്ങളിൽ ക്ഷമയുടെയും ത്യാഗത്തിന്റെയുമൊക്കെ മാതൃകയായി സ്ത്രീയെ ചിത്രീകരിക്കുമ്പോൾ വീരത്തിന്റെയും യുക്തിയുടെയും മൂർത്തീരൂപമായി പുരുഷനെ പ്രതിഷ്ഠിക്കുന്നത് കാണാൻ സാധിക്കും. ഇതിനുള്ളിലെ രാഷ്ട്രീയത്തെ തിരച്ചറിയാനാവാത്തവിധം വളരെ സ്വാഭാവികമായ ഒന്നായി പാഠപുസ്തകത്തിലിത് പ്രവർത്തിക്കുന്നു. 'ധരിക്ക സങ്കടം വനത്തിൽ വാഴുവാൻ' (ഒമ്പതാം പാഠപുസ്തകം,1939) എന്ന പാഠഭാഗത്തിൽ വനവാസത്തിന് പുറപ്പെടുന്ന ശ്രീരാമനെ പിന്തുടരാൻ തയ്യാറാകുന്ന സീതയെ രാമൻ ഉപദേശിക്കുകയാണ്. വനയാത്ര പോലുള്ള ദുർഘട യാത്രകൾ സ്ത്രീകൾക്കു സാധിക്കില്ല എന്നും വരുംവരായ്കളെക്കുറിച്ച് ആലോചിക്കാതെ ചാടിപുറപ്പെടുന്നവരാണ് സ്ത്രീകൾ എന്നും സൂചിപ്പിക്കുന്നു. യുക്തിസഹമായ ആലോചന പുരുഷന്മാർക്കാണുള്ളതെന്നും അതിനാൽ സ്ത്രീകളെ ഉപദേശിക്കുവാനുള്ള അധികാരം ആണിനുണ്ടെന്നുമുള്ള ബോധം ഇതുണ്ടാക്കുകയും, സ്ത്രീ – അബല, പുരുഷൻ - ധീരൻ എന്ന ദ്വന്ദ്വം ഇവിടെ ഉറപ്പിക്കുകയും ചെയ്യുന്നു. 'ഒരു മഹച്ചരമം' (ഒമ്പതാം പാഠപുസ്തകം,1939) എന്ന പാഠഭാഗത്തിൽ എ. ആർ. രാജരാജവർമ്മയുടെ മരണത്തെക്കുറിച്ച് പറയുമ്പോൾ ഉള്ളൂരിന്റെ അഭിപ്രായം പറയുന്നുണ്ട്. " ഭാഷാഭഗവതി ഇനി ഏതൊരു പുരുഷരത്നത്തെ തേടിപിടിച്ചാണ് ദ്വിസംശ്രയമായ പ്രീതിയെ ലഭിക്കുവാൻ പോകുന്നത്. " അറിവിന്റെയും യുക്തിയുടെയുമൊക്കെ അധികാരി പുരുഷനാണ് എന്ന് ധ്വനിപ്പിക്കുന്നു. ആ രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം അംഗീകരിക്കുവാൻ പുരുഷമേൽക്കോയ്മ തയ്യാറല്ല. ആണധികാരത്തെ നിലനിർത്തുന്നതിൽ ഈ അറിവധികാരങ്ങൾ വലിയപങ്കു വഹിക്കുന്നുണ്ട്.

'ദമയന്തിയും അരയന്നവും' എന്ന പാഠഭാഗത്തിൽ ദമയന്തിയുടെ ലജ്ജയും, 'ഭീമനും ബകനും' എന്നതിലെ അമ്മയുടെ മാറത്തടിച്ചുള്ള കരച്ചിലും, ശക്തനായ മകന്റെ അമ്മയായ കുന്തിയുടെ ധൈര്യവും, 'ഒരു നല്ല സ്ത്രീ' എന്ന പാഠത്തിലെ ശീലാവതിയുടെ ഭർതൃശുശ്രൂഷയും ദിനചര്യകളുമെല്ലാം സ്ത്രീയുടെ വൈകാരികതലത്തെ വ്യക്തമാക്കുന്നുണ്ട്. ദമയന്തിയുടെ ലജ്ജ നളൻ എന്ന കാമുകനെക്കുറിച്ച് ഓർക്കുമ്പോഴാണ്. പുരുഷൻ തന്നെക്കാൾ ഉയർന്നവനാണെന്നും അവനാൽ

തഴകപ്പെടേണ്ടവളാണെന്നുമുള്ള ബോധമാണ് അവളെ ലജ്ജാവതിയാക്കുന്നത്. ലജ്ജാവതി എന്നതിൽ വിധേയത്വം നിലനിൽക്കുന്നു. സ്നേഹം,സഹനം എന്നിവയുടെയൊക്കെ മൂർത്തീരൂപമായി ശീലാവതിയെ അവതരിപ്പിക്കുന്നതിലൂടെയും നല്ല സ്ത്രീയുടെ മാതൃകയെ സൃഷ്ടിച്ചെടുക്കുകയാണ്. 'ഭീമനും ബകനും' എന്ന പാഠഭാഗത്തിൽ മാറത്തടിച്ചു കരയുന്ന അമ്മയെ ചിത്രീകരിക്കുമ്പോൾ 'കുചേലസത്കാര'ത്തിൽ (അഞ്ചാം പാഠപുസ്തകം,1948) "ധീരനായ ചെന്താമര കണ്ണനുണ്ടോ കരഞ്ഞീടുന്നു" എന്നാണ് പറയുന്നത്. കരച്ചിൽ എന്നത് ധീരനായ പുരുഷന്മാർക്കു യോജിച്ചതല്ല എന്നും അത് അബലകളായ സ്ത്രീകൾക്കുള്ളതാണെന്നും സമർത്ഥിക്കുന്നു. ഇത്തരത്തിലുള്ള വികാരംകൊള്ളലുകൾ പോലും ആൺ/പെൺ വ്യവസ്ഥയെ ഉറപ്പിക്കുന്നതാണ്.

ആധുനികതയുടെ ഭാഗമായാണ് വ്യക്തി സങ്കൽപ്പം വളർന്നു വന്നത്. സ്ത്രീയുടെ വൈകാരികതലത്തെ ചിത്രീകരിക്കുന്നു എന്നത് ആധുനിക സ്ത്രീ സങ്കൽപ്പത്തിലേക്കുള്ള മാറ്റത്തെ കാണിക്കുന്നുണ്ട്. പക്ഷെ അത് പുരുഷന്റെ താൽപര്യത്തിനനുസരിച്ചുള്ള സ്ത്രീ സങ്കൽപ്പത്തെ വളർത്തിയെടുക്കാനാണ് ശ്രമിക്കുന്നത്. ആൺ/പെൺ വൈകാരികതയെ തരംതിരിച്ച് ഉറപ്പിക്കുന്നതിലൂടെ ആണധീശത്വത്തിന് പിന്താങ്ങായി മാറുകയാണ് പാഠപുസ്തകങ്ങളും.

**3. ഭാഷ**

ഒരു വ്യക്തി/സമൂഹത്തിന്റെ വളർച്ചയിൽ ഭാഷയ്ക്കു വലിയ പ്രാധാന്യമുണ്ട്. ഭാഷയിലൂടെയാണ് വ്യക്തി ചിന്തിക്കുന്നതും വളരുന്നതും. ഓരോ സമൂഹത്തിലെ ഭാഷയ്ക്കകത്തും അവിടത്തെ സാമൂഹിക ഘടന പ്രവർത്തിക്കുന്നു. അധീശത്വവർഗ്ഗത്തിന്റെ മേൽക്കോയ്മ ഭാഷയിലും കാണാൻ സാധിക്കും. ഭാഷയിലൂടെ അധികാരത്തെ നിലനിർത്തുവാനും സാധൂകരിക്കുവാനും കഴിയുന്നു. പല വാക്കിനും പുല്ലിംഗത്തെ കാണിക്കുവാൻ പ്രത്യമില്ല. പലപ്പോഴും പ്രത്യയമില്ലാതെ പ്രയോഗിച്ചാൽ പുല്ലിംഗമായി കരുതുകയും,സ്ത്രീലിംഗത്തെ പ്രത്യേകമായി കാണിക്കേണ്ടി വരുകയും ചെയ്യുന്നു. ഇത്, ഭാഷ പുരുഷന്റേതാണെന്നു വരുത്തിതീർക്കുകയും ആണത്തത്തിന്റെ അധീശത്വത്തെ വളരെ സ്വാഭാവികമായി കാണുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

പാഠപുസ്തകങ്ങളിലെ ഭാഷ മിക്കപ്പോഴും പുരുഷന്റെ ഭാഷയാണ് പിന്തുടരുന്നത്. പൊതുവായുള്ള കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും 'അവന്റെ', 'അവൻ' എന്നീ പുല്ലിംഗങ്ങളാണ് അധികവും പ്രയോഗിക്കുന്നത്. 'ഗ്രാമീണപുനരുദ്ധാരണം'(ഒമ്പതാം പാഠപുസ്തം,1939) എന്ന പാഠഭാഗത്തിൽ ഗ്രാമീണ ജീവിതം എങ്ങനെ പുനസംഘടിപ്പിക്കാം എന്ന് പറയുന്നിടത്ത് കർഷകർ,ഗ്രാമീണർ എന്ന് പ്രയോഗിക്കുന്നതിനു പകരം ഗ്രാമീണൻ,കർഷകൻ എന്നീവാക്കുകളാണ് ഉപയോഗിച്ചു കാണുന്നത്. ഇത്തരത്തിലുള്ള പ്രയോഗങ്ങൾ പാഠപുസ്കങ്ങളിൽ മുഴനീളെ കാണാൻ സാധിക്കും. സ്ത്രീയെക്കുറിച്ചു പറയേണ്ടി വരുമ്പോൾ സ്ത്രീലിംഗമുപയോഗിക്കുകയും പൊതുകാര്യങ്ങൾ പറയുമ്പോൾ പുല്ലിംഗം പ്രയോഗിക്കുകയും ചെയ്യുന്നു. പൊതുഇടം പുരുഷന്റേതാണ് എന്നാണ് ഇത്തരം ഭാഷ മുന്നോട്ടുവെക്കുന്നത്. എന്നാൽ ചില വാക്കുകൾക്കു പുല്ലിംഗ പ്രയോഗമില്ലാതെ സ്ത്രീലിംഗ പ്രയോഗം മാത്രമേ നിലവിലുള്ളൂ. 'ദാരിദ്ര്യത്തിന്റ കരച്ചിൽ'(മൂന്നാം പാഠപുസ്തകം,1948) എന്ന പാഠഭാഗത്തിലും 'ഒരു നല്ല സ്ത്രീ ' എന്ന പാഠത്തിലും ധർമ്മപത്നി എന്ന പ്രയോഗം കാണുവാൻ സാധിക്കും. ഭാര്യയുടെ ധർമ്മത്തെ ഇവിടെ അടിസ്ഥാനപ്പെടുത്തുകയും ആ വാക്കിന് പവിത്രതയുടെ പരിവേശം നൽകി സാമൂഹികാംഗീകാരം നൽകുന്നതിലൂടെ സ്ത്രീയെ പുരുഷന് കീഴ്പ്പെട്ടവളായി തീർക്കുന്നു. എന്നാൽ ഭർ

ത്താവ് എന്ന പദവിയ്ക്ക് ഇത്തരത്തിലുള്ള പദപ്രയോഗങ്ങൾ കാണുന്നില്ല. പുരുഷന്റെ സാമൂഹികനിലയെ നിലനിർത്തുവാൻ സഹായകമായരീതിയിലാണ് ഭാഷപ്രയോഗങ്ങളും ചിട്ടപ്പെടുത്തിയെടുക്കുന്നത്. നിരന്തര ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷ പുരുഷന്റെ ആധിപത്യത്തിന് അനുകൂലമായിമാറുമ്പോൾ അതിനെ അംഗീകരിക്കുന്ന സാമൂഹികബോധവും നിരന്തരമായി വളർന്നു വരുവാൻ ഇടയാക്കുന്നു.

4. കുടുംബം

കുടുംബം എന്ന സങ്കൽപവും അതിന്റെ ഘടനയും ചരിത്രത്തിലുടനീളം പരിണാമങ്ങൾക്കു വിധേയമായിട്ടുണ്ട്. ആധുനികത, ബഹുഭാര്യ/ഭർതൃത്വം ഉൾപ്പെടെയുള്ള മധ്യകാല കൂട്ടുകുടുംബത്തിൽ നിന്നും ഏകഭാര്യ/ഭർതൃ ബന്ധങ്ങളിലധിഷ്ഠിതമായ അണുകുടുംബത്തിലേക്കുള്ള പരിവർത്തനത്തിന്റെ ഘട്ടം കൂടിയായിരുന്നു. ആൺ/പെൺ വ്യത്യാസത്തെ നിലനിർത്തുന്നതിൽ കുടുംബം വലിയൊരു പങ്കു വഹിക്കുന്നുണ്ട്. കുടുംബം എന്ന സ്ഥാപനം സ്ത്രീ-പുരുഷബന്ധ വ്യവസ്ഥയ്ക്കകത്ത് പദവികളെ രൂപീകരിക്കുന്നു. കുടുംബ ഘടന പദവികളെ ഉണ്ടാക്കുകയും പദവികൾ കുടുംബ ഘടനയെ ശക്തമായി നിലനിർത്തുകയും ചെയ്യുന്നു. അമ്മ, സഹോദരി,ഭാര്യ, മകൾ എന്നീ പദവികൾ സ്ത്രീകൾക്കു ചാർത്തപ്പെടുന്നതിലൂടെ അവ വിധേയത്വത്തിന്റെ അടയാളമായി മാറുന്നു. ഈ പദവികൾ സാമൂഹ്യബന്ധങ്ങളിലേക്കും വളർന്നുവരാറുണ്ട്. പാഠപുസ്തകങ്ങളിൽ കുടുംബം എന്ന സ്ഥാപനത്തിന് വലിയ പ്രാധാന്യം നൽകുന്നു. ഇത് വ്യവസ്ഥയെ ശക്തമാക്കാൻ സഹായിക്കുന്നു.

കുടുംബത്തിനുള്ളിലെ ആണധികാരത്തെ പാഠപുസ്തകങ്ങളിൽ നിന്നും കണ്ടെടുക്കാവുന്നതാണ്. ഈ അധികാര വ്യവസ്ഥ വളരെ സ്വാഭാവികമായ,ശരിയായ ക്രമമാണ് എന്ന അവബോധം ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു. 'ജന്തുക്കൾ കുട്ടികളെ വളർത്തുന്നവിധങ്ങൾ' (ഒമ്പതാം പാഠപുസ്തകം,1939) എന്ന പാഠഭാഗത്തിൽ കുട്ടികളെ വളർത്തുകയും അഭ്യസിപ്പിക്കുകയും ചെയ്യുന്നത് അമ്മയാണ് എന്ന് പറയുമ്പോൾ വികൃതികളിക്കുന്ന കുട്ടിക്കുരങ്ങുകളെ ശാസിക്കുന്നത് പിതാവാണ് എന്നും സൂചിപ്പിക്കുന്നു. ഇവിടെ ശാസിക്കാനും,ഉപദേശിക്കുവാനുമൊക്കെയുള്ള അറിവധികാരങ്ങൾ പുരുഷനിൽ അല്ലെങ്കിൽ അച്ഛനിൽ കേന്ദ്രീകരിക്കുന്നു. ഇത്തരത്തിൽ കുടുംബത്തിനുള്ളിൽ പദവികൾ സൃഷ്ടിക്കുകയും അധീശത്വത്തിന്റെയും വിധേയത്വത്തിന്റെയും ഘടന ഉണ്ടാക്കിയെടുക്കുയും ചെയ്യുന്നു. 'മറ്റുള്ളവർക്കും കണ്ണുണ്ട് ' (മൂന്നാം പാഠപുസ്തകം,1948) എന്ന പാഠഭാഗത്തിൽ ഓന്തിന്റെ നിറത്തിനെക്കുറിച്ചുള്ള കുട്ടികളുടെ തർക്കത്തിന് ഉത്തരം നൽകി പരിഹരിക്കുന്നതും അച്ഛനാണ്. അറിവിന്റെ അധികാരം പുരുഷനിൽ ചാർത്തപ്പെടുന്നതിലൂടെ മേൽക്കോയ്മ നേടുകയും ചെയ്യുന്നു. ' ഭീമനും ബകനും' എന്ന പാഠത്തിൽ രാക്ഷസന്റെ അടുത്തേക്ക് ഭർത്താവ് പോകുകയാണ് എന്നു പറയുമ്പോൾ ഭാര്യ പിന്നെ ഞങ്ങൾക്കാരാണ് ആശ്രയം എന്നു പറഞ്ഞാണ് കരയുന്നത്. കുടുംബത്തെ രക്ഷിക്കേണ്ടത് തന്റെ കടമയാണെന്നും താൻ പോകാമെന്നുമാണ് മകൻ പറയുന്നത്. കുടുംബം എന്നത് പുരുഷനാൽ ചുറ്റപ്പെട്ട സംവിധാനമാണെന്നും സ്ത്രീകൾ അവരെ ആശ്രയിച്ചാണ് ജീവിക്കേണ്ടത് എന്ന ബോധം സ്ത്രീകളിൽതന്നെ ഉണ്ടാക്കിയെടുക്കുന്നു. 'ഒരു നല്ല സ്ത്രീ ' എന്ന പാഠഭാഗത്തിലും ശീലാവതിയിലൂടെ ഭാര്യ എന്ന പദവിയുടെ കടമ ഭർത്താവിനെ ശുശ്രൂഷിച്ച് ജീവിക്കുകയാണ് എന്നത് ഉറപ്പിക്കുകയാണ്. കുടുംബ ബന്ധങ്ങൾക്കിടയിൽ പദവികൾ സൃഷ്ടിക്കുകയും അമ്മ,ഭാര്യ എന്നിങ്ങനെ

സ്ത്രീകളുടെ വിധേയത്വ പദവികൾക്ക് പവിത്രമായ പരിവേശം നൽകി ആൺകോയ്മ രാഷ്ട്രീയത്തെ പ്രാവർത്തികമാക്കുന്നു.

**ഉപസംഹാരം**

ഒരു സമൂഹത്തിന്റെ പൊതുബോധം ഉണ്ടാക്കിയെടുക്കുന്നതിൽ പാഠപുസ്തകങ്ങൾക്കു വലിയൊരു പങ്കുണ്ട്. അതിന്റെ ഉള്ളടക്കത്തിൽ ഒരു തിരഞ്ഞെടുപ്പ് നടക്കുന്നു. അതിനാലത് രാഷ്ട്രീയപരമാണ്. വ്യക്തിയുടെ ജീവിതത്തിന് മാർഗ്ഗരേഖയായിതീരേണ്ട ഒന്നായാണ് പൊതുസമൂഹം പാഠപുസ്തകത്തെ കാണുന്നത്. അതുകൊണ്ടുതന്നെ പാഠപുസ്തകത്തിന്റെ രാഷ്ട്രീയം സമൂഹത്തിന്റെ ബോധത്തിൽ അടിച്ചേൽപ്പിക്കപ്പെടുന്നു. തിരഞ്ഞെടുത്ത പാഠപുസ്തകങ്ങൾ അപഗ്രഥിക്കുമ്പോൾ ആണധികാരത്തെ ഉറപ്പിച്ചെടുക്കുന്നതിൽ പാഠപുസ്തകങ്ങൾക്കും പങ്കുണ്ട് എന്ന് വ്യക്തമാകുന്നു. സ്ത്രീ/മാനവ വിമോചനത്തിന്റെ പ്രധാന ഘട്ടമായി ചരിത്രം അടയാളപ്പെടുത്തുന്ന സന്ദർഭത്തിലെ പാഠപുസ്തകങ്ങളിൽപോലും ശരീരം, വൈകാരികത, ഭാഷ, കുടുംബം എന്നീ ഘടകങ്ങളിലൂടെയൊക്കെ ആൺ - പെൺ വ്യത്യാസത്തെ ശക്തമായി അവതരിപ്പിച്ച് ആണധീശത്വം നിലനിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നു. സ്ത്രീയുടെയും പുരുഷന്റെയും ശരീരഭാഷയിലും വൈകാരികതലത്തിലും ചില വിത്യസ്ഥകളെ സ്ഥിരാങ്കങ്ങളായി കാണിച്ചുകൊണ്ട് ആണത്തം, പെണ്മ എന്ന ദ്വന്ദ്വത്തെ ഉറപ്പിക്കുകയാണ്. കുടുംബബന്ധവ്യവസ്ഥയിൽ പദവികൾ സൃഷ്ടിച്ചുകൊണ്ട് പെണ്മ/സ്ത്രൈണത എന്നതിന് വിധേയത്വത്തിന്റെയും ആണത്തത്തിന് അധീശത്വത്തിന്റെയും സാമൂഹികനില പാഠപുസ്തകം നിലനിർത്തുകയും പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നു. പാഠപുസ്തകത്തിലെ ഭാഷയിലും ഈ ആണധീശത്വം കാണാൻകഴിയും. സ്ത്രീ പ്രതിനിധാനം വരുന്ന പാഠഭാഗങ്ങൾതന്നെ ഇക്കാലയളവിൽ കുറവാണ്. ആണധികാരത്തിന് വിധേയപ്പെട്ടു നിൽക്കുന്ന, അതിനെ പുനരുല്പാദിപ്പിക്കുന്ന സ്ത്രീയെയാണ് ഇവിടെ കാണാൻ സാധിക്കുന്നത്. ഇതിലെ രാഷ്ട്രീയത്തെ പാഠപുസ്തകത്തിൽ വളരെ സ്വാഭാവികമായി അവതരിപ്പിക്കപ്പെടുകയും സമൂഹത്തിന്റെ അബോധത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. മറ്റ് ആഖ്യാനങ്ങളിൽ നിന്ന് ഭിന്നമായി പാഠപുസ്തകങ്ങളിൽ നിലീനമായി കിടക്കുന്ന ആണധികാരത്തെ അനാവരണം ചെയ്യുന്നതിന്റെ പ്രാധാന്യം, അത് ഭരണകൂടം പൗരന്റെമേൽ നിർബന്ധിതമായി നടപ്പിലാക്കുന്ന ഒന്നായതുകൊണ്ടാണ്.

**ഗ്രന്ഥസൂചി**

1. ഭാസ്കരനുണ്ണി . പി, 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം',കേരളസാഹിത്യ അക്കാദമി,തൃശ്ശൂർ,2012.
2. പിയറി ബോർദ്യൂ , 'ആണത്തവും അധീശത്വവും' (ആശയാനുവാദം – സംഗീത എം. കെ, അനിൽ കെ. എം),പ്രോഗ്രസ് പ്രസിദ്ധീകരണം,കോഴിക്കോട്, 2019.
3. രാമകൃഷ്ണൻ. എ. കെ,വേണുഗോപാലൻ. കെഎം, 'സ്ത്രീവിമോചനം ചരിത്രം സിദ്ധാന്തം സമീപനം' , നയന ബുക്സ്, പയ്യന്നൂർ,1989.
4. രവികുമാർ എസ്. നായർ, 'പാഠ്യപദ്ധതിസിദ്ധാന്തം', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം, 2007.
5. വേണുഗോപാലൻ. കെ. എം(എ. ഡി), 'കേരളം ലൈംഗികത ലിംഗനീതി', സൈൻ ബുക്സ്,തിരുവനന്തപുരം,2006.

**പാഠപുസ്തകങ്ങൾ**


1. ശ്രീ ചിത്തിരതിരുനാൾ പാഠാവലി ഒമ്പതാം പാഠപുസ്തകം,ആറാം ഫാറം,തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്,ശ്രീരാമവിലാസംപ്രസ്,തിരുവനന്തരം, 1939.
2. ശ്രീ ചിത്തിരതിരുനാൾ പാഠാവലി അഞ്ചാം പാഠപുസ്തകം, ഒമ്പതാംതരം, തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്,ശ്രീരാമവിലാസംപ്രസ്,തിരുവനന്തരം,1948.
3. ശ്രീ ചിത്തിരതിരുനാൾ പാഠാവലി രണ്ടാം പാഠപുസ്തകം,രണ്ടാംതരം, തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്,തിരുവിതാംകൂർസർക്കാർഅച്ചുകൂടം,തിരുവനന്തരം,1942.
4. ശ്രീ ചിത്തിരതിരുനാൾ പാഠാവലി മൂന്നാം പാഠപുസ്തകം, മൂന്നാംതരം, തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്,തിരുവിതാംകൂർസർക്കാർഅച്ചുകൂടം,തിരുവനന്തരം,1948.